പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6214

08.07.2014-ൽ
മറുപടിയ്ക്ക്

## ആർമി സർവ്വീസ് പെൻഷനും, സംസ്ഥാന സർവ്വീസ് പെൻഷനും നൽകുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ആർമി സർവ്വീസ്, സംസ്ഥാന സർവ്വീസ് എന്നിവയിൽ ജോലി നോക്കി വിരമിച്ച ശേഷം രണ്ട് പെൻഷനും വാങ്ങി വരവേ മരണപ്പെട്ട വ്യക്തികളുടെ ഭാര്യമാർക്ക് രണ്ട് ഫാമിലി പെൻഷനും ലഭിക്കുന്നതിന് അർഹതയുണ്ടോ ; | (എ) കേരള സർവ്വീസ് റൂൾസ് III-ാം ഭാഗത്തിലെ ചട്ടം 90 (2) (f) പ്രകാരം ഒരാൾക്ക് രണ്ട് കുടുംബപെൻഷൻ നൽകാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ചട്ടം ഭേദഗതി ചെയ്യേണ്ടെന്ന് സർക്കാർ തീരുമാനിച്ചിട്ടുള്ളതിനാൽ രണ്ട് കുടുംബ പെൻഷൻ ലഭിക്കുന്നതിന് അർഹതയില്ല. |
| (ബി) കേന്ദ്ര സർക്കാർ ഉത്തരവ് പ്രകാരം മറ്റ് സംസ്ഥാനങ്ങളിൽ ഈ രണ്ട് പെൻഷനും ഒരേ സമയം ലഭിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) സംസ്ഥാനത്തും പ്രസ്തുത രണ്ട് ഫാമിലി പെൻഷനും ഒരുമിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ